## ഇസ്‌ലാമിക് ബാങ്കിംഗ്




ഇസ്‌ലാമിക് ബാങ്കിംഗിന്റെ വിവിധ വശങ്ങൾ പരിചയപ്പെടുത്തുന്ന പ്രബന്ധങ്ങളുടെ സമാഹാരം. ഇസ്‌ലാമിക് ഫൈനാൻസിന്റെ വളർച്ചയുടെ ചരിത്രവും അതിന്റെ തത്ത്വവും പ്രയോഗവും ഇസ്‌ലാമിക ബാങ്കിംഗിന്റെ ഭാവിയുമെല്ലാം ചർച്ച ചെയ്യുന്നു. ഇസ്‌ലാമിക് ഇൻഷൂറൻസ്, ഓഹരി ഇടപാടുകളെ കുറിച്ച ഇസ്‌ലാമിക വീക്ഷണം എന്നിവയെക്കുറിച്ചും ഇതിൽ വായിക്കാം. ഇന്ത്യയിലെ ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും മാർഗനിർദേശങ്ങളും ശ്രദ്ധേയമാണ്. ഡോ. നജാത്തുല്ലാ സിദ്ദീഖി, പ്രഫ. ഖുർശിദ് അഹ്മദ്, ഡോ. എഫ്.ആർ ഫരീദി, ഡോ. ഉമർ ചാപ്ര, ഡോ. മുൻദിർ കഹ്ഫ് തുടങ്ങിയ പ്രമുഖ ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്ര വിദഗ്ധരുടെ പ്രബന്ധങ്ങളാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പരിഭാഷ: **മുഹമ്മദ് പാലത്ത്. 120 പേജ്. വില 40 രൂപ. പ്രസാധനം: ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്.**

## ചെകുത്താനും ചൂണ്ടുവിരലും

'പെരിയ ചെകുത്താൻ'-ശൈത്വാൻ ബുസർഗ്- എന്ന് ആയത്തുല്ല ഖുമൈനി




വിശേഷിപ്പിച്ച യാങ്കീ സാമ്രാജ്യത്വത്തിനെതിരെ ലോകമെങ്ങും ഇരകൾ ഉയിർത്തെഴുന്നേൽക്കുകയാണിപ്പോൾ. അമേരിക്കൻ അധിനിവേശത്തിനും ആധിപത്യത്തിനുമെതിരെ ചൂണ്ടുവിരലുയർത്തുന്ന രാഷ്ട്രനായകരുടെയും എഴുത്തുകാരുടെയും പ്രതികരണങ്ങളുടെ സമാഹാരമാണ് 'ചെകുത്താനും ചൂണ്ടുവിരലും'. ഊടുറ്റ മാറ്റത്തിന്റെ വഴി (മഹ്മൂദ് അഹ്മദി നിജാദ്), പിശാച് വീട്ടിൽ തന്നെയുണ്ട് (ഹ്യൂഗോ ഷാവേസ്), പശ്ചിമേഷ്യയെന്ന പാതാളം (റോബർട്ട് ഫിസ്ക്), ഞങ്ങൾക്ക് വേണ്ടത് പങ്കാളികളെ, യജമാനരെയല്ല (ഇവോ മോറേൽസ്) എന്നീ ലേഖനങ്ങളും, ഹസൻ നസ്റുല്ലയുമായുള്ള അഭിമുഖവും (പോരാട്ടം അവസാനിക്കുന്നില്ല), പുസ്തകം എഡിറ്റ് ചെയ്ത വി.എം ഇബ്റാഹീമിന്റെ 'ചെകുത്താനും ചൂണ്ടുവിരലും' എന്ന ലേഖനവുമാണ് ഉള്ളടക്കം. നിജാദ്, ഷാവേസ്, ഇവോ മൊറേൽസ്, ഹസൻ നസ്റുല്ല എന്നിവരെ പരിചയപ്പെടുത്തുന്ന കുറിപ്പുകളുമുണ്ട്.

പേജ് 87, വില 40

ഐ.പി.എച്ച് കോഴിക്കോട്

## ഖുർആൻ പശ്ചാത്തല കഥകൾ

വിവിധ ഖുർആൻ സൂക്തങ്ങളുടെ അവ




തരണത്തിന് പശ്ചാത്തലമായ സംഭവങ്ങൾ കഥാരൂപത്തിൽ അവതരിപ്പിക്കുന്നു. ഈ വിഷയകമായി ഇമാം സുയൂത്വിയും ഇമാം നൈസാബൂരിയും രചിച്ച ഗ്രന്ഥങ്ങളും ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളും അവലംബിച്ച് തയാറാക്കിയത്. അവലംബ കൃതികൾ പേജ് നമ്പർ സഹിതം നൽകിയിരിക്കുന്നു.

**മുഹമ്മദ് ശമീം ഉമരി**
**പേജ് 96, വില 35 രൂപ.**
**ഗസ്സാലി ബുക്സ്,**
**പെരുമ്പള, കളനാട്**